# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6458 08.11.2016- ൽ മറുപടിക്ക്

## "യുവസംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ"

**ചോദ്യം**
ശ്രീ.ആർ. രാജേഷ്

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | യുവസംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്റർപ്രണർ സപ്പോർട്ട് സ്കീം പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |
| ബി) | ഇവയിൽ സബ്സിഡി ലഭ്യമാകുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | ബി) | 28.12.2012 ലെ സ.ഉ(കൈ) 156/2012/വ്യവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കിയ "സംരംഭകത്വ സഹായ പദ്ധതി", കേന്ദ്രാവിഷ്കൃത പദ്ധതിയായ "Prime Minister's Employment Guarantee Programme" എന്നിവയിലൂടെ വ്യവസായ സംരംഭകർക്ക് സബ്സിഡി നൽകിവരുന്നു. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ? | സി) | ജില്ലാ/താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ മുഖേനയോ വ്യവസായ വികസന ഓഫീസർ മുഖേനയോ നിർദ്ദിഷ്ട ഫോറത്തിലോ ഓൺലൈനായോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**